**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ പ്യൂണായിരിക്കെ മരണമടഞ്ഞ സേതുമാധവന്റെ മകനും ആശ്രിതനുമായ ശ്രീ.പി.ഹരിദാസന് പഞ്ചായത്ത് വകുപ്പിൽ പാലക്കാട് ജില്ലയിൽ എൽ.ഡി.ക്ലാർക്കായി നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (എം.എസ്) നം. **32/2016/**തസ്വഭവ . തീയതി, തിരുവനന്തപുരം, 10/**02/2016**

പരാമർശം : 1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.
2) ശ്രീ. പി. ഹരിദാസൻ 11/12/2013 ൽ സമർപ്പിച്ച അപേക്ഷ.
3) പഞ്ചായത്ത് ഡയറക്ടറുടെ 17/11/2014 ലെ ഇ 7/14499/2014 നമ്പർ കത്ത്.
4) പാലക്കാട് ജില്ല കളക്ടറുടെ 28/10/2015 ലെ എ 3-2015/39648/9 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ പ്യൂണായിരിക്കെ മരണമടഞ്ഞ പി.സേതുമാധവന്റെ മകനും ആശ്രിതനുമായ ശ്രീ.പി.ഹരിദാസന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. പരേതനായ സേതുമാധവന് 21 വർഷവും 2 മാസവും 25 ദിവസവും സേവനകാലമുണ്ട്.

പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ പ്യൂണായിരിക്കെ 13/11/2012 ലാണ് പി.സേതുമാധവൻ നിര്യാതനാവുന്നത്. അപേക്ഷകനായ ശ്രീ.പി.ഹരിദാസൻ പരേതന്റെ മകനാണ്. ടിയാൻ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്.

അപേക്ഷകന്റെ ജനനതീയതി 30/5/1988 ആണ്. ടിയാന് 27 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ എസ്.എസ്.എൽ.സി പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ പാലക്കാട് ജില്ലയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ട്.

അപേക്ഷയോടൊപ്പം പരേതനായ പി.സേതുമാധവന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സേവന സാക്ഷ്യപത്രം, അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകന്റെ വരുമാന സർട്ടിഫിക്കറ്റ് , സത്യവാങ്മൂലം തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്.

അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ട്. ടിയാന്റെ കുടുംബവാർഷിക വരുമാനം 48,000/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും പാലക്കാട് ജില്ലാകളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ പ്യൂണായിരിക്കെ മരണമടഞ്ഞ പി.സേതുമാധവന്റെ മകനും ആശ്രിതനുമായ ശ്രീ.പി.ഹരിദാസന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ പരിശോധിച്ച് പരാമർശം 1 ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ നിലവിലുള്ളതോ/ അടുത്ത് ഉണ്ടാകാൻ സാധ്യത യുള്ളതോ ആയ ഒഴിവിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 1 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ മരണമടഞ്ഞ സേതുമാധവന്റെ സേവന സാക്ഷ്യപത്രത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി പിന്നീട് വെളിപ്പെട്ടാൽ ടിയാന് ആശ്രിതനിയമ വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രതമ്മ.വി**
**ഗവ.ജോയിന്റ് സെക്രട്ടറി**

ശ്രീ.പി.ഹരിദാസൻ, പുത്തൻപുരക്കൽ ഹൗസ്, അമ്പലപ്പാറ പി.ഒ. പാലക്കാട് 679 512 (രജിസ്റ്റേർഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
ജില്ലാ കളക്ടർ, പാലക്കാട്.
സെക്രട്ടറി, അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് ,പാലക്കാട്.
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ